# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6638

## 09-11-2016 ൽ മറുപടിക്ക്

## കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;<br>(ബി) എത്ര വർഷത്തിനകം പൂർത്തിയാക്കാൻ പറ്റുന്ന പദ്ധതികളാണിവയെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ ഭരണ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനകം കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. നവംബർ 7 ന് ചേർന്ന ആദ്യ ബോർഡ് യോഗത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് കിഫ്ബി |

| | |
|---|---|
| | വഴി ആദ്യ ഘട്ടം ധനസഹായം ലഭ്യമാക്കുക. തുടർന്ന് ഭരണവകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തലിനു ശേഷം അടുത്ത ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**